(ഡി) ചീഫ് എഞ്ചിനീയർ (ജലസേചനവും & ഭരണവും)-ന്റെ കീഴിൽ കൃഷ്ണപുരം പഞ്ചായത്തിൽ ആറുക്കടമ്പ പാലത്തിൽ തച്ചേത്തറ പാലം മുതൽ ആറുകടമ്പ തോടിന്റെ ഇരു കരകളുടേയും സംരക്ഷണം അലൈൻമെന്റ് നിർണ്ണയത്തിലെ കാലതാമസം കാരണം ഈ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചില്ല. 2011 ജനുവരിയിൽ പ്രവൃത്തി തുടങ്ങുവാൻ സാധിക്കും. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. അനുബന്ധം(2)-ലെ ക്രമ നമ്പർ-16-എ.സി.എ, എസ്.സി.പി കൃഷ്ണപുരം പഞ്ചായത്തിൽ കുഴൽക്കിണർ നിർമ്മിക്കുന്ന ജോലി - പൊതുജനത്തിന്റെ എതിർപ്പുമൂലം പ്രവൃത്തി തുടങ്ങിയിട്ടില്ല. പൊതുജനത്തിന്റെ എതിർപ്പ് പരിഹരിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കും.

അനുബന്ധം (2)-ലെ ക്രമനമ്പർ 17-ജനകീയാസൂത്രണം 08-09 (എസ്.സി.പി) കായംകുളം മുനിസിപ്പാലിറ്റിയുടെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ-കരാറുകാർ പണി തുടങ്ങിയിട്ടില്ല. ഉടൻ ആരംഭിക്കും 2011 മാർച്ച് മാസത്തിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.അനുബന്ധം (2)-ലെ ക്രമനമ്പർ 21-വരൾച്ചാ ദുരിതാശ്വാസ പദ്ധതി 09-10 ദേവികുളങ്ങര പഞ്ചായത്തിലെ വടക്കേ ആഞ്ഞിലിമൂട് എന്ന സ്ഥലത്ത് കുഴൽക്കിണർ നിർമ്മാണം - കോൺട്രാക്ടർ പണി തുടങ്ങിയിട്ടില്ല. കോൺട്രാക്ടർക്ക് ഫൈനൽ നോട്ടീസ് കൊടുത്തിട്ടുണ്ട്. ഉടൻ ആരംഭിക്കും 2011 മാർച്ച് 31-ന് പൂർത്തീകരിക്കും.

അനുബന്ധം (2)-ലെ ക്രമ നമ്പർ 28 വരൾച്ച ദുരിതാശ്വാസ പദ്ധതി-09 കായംകുളം മുനിസിപ്പാലിറ്റിയിലെ ആയുർവേദ ഹോസ്പിറ്റൽ പരിസരത്ത് കുഴൽക്കിണർ നിർമ്മിക്കുന്ന ജോലി നാഷണൽ ഹൈവേയ്ക്ക് വീതി കൂട്ടുന്നതിനാൽ പ്രവർത്തി തുടങ്ങിയിട്ടില്ല.

**കായംകുളം മണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

135 (732) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിലെ ദേവികുളങ്ങര, കണ്ടല്ലൂർ, മുതുകുളം എന്നീ തീരദേശ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി, കായംകുളം ആറാട്ടുപുഴ ശുദ്ധ ജല വിതരണ പദ്ധതിയുടെ മാതൃകയിൽ അച്ചൻ കോവിലാറ്റിൽ നിന്നും ജലമെത്തിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യണമെന്ന ആവശ്യത്തിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രോജക്ട് തയ്യാറാക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും, അവർ പ്രോജക്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; എങ്കിൽ ഏജൻസിയുടെ പേര് വ്യക്തമാക്കുമോ ; പ്രോജക്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly